നല്കുന്നതിനുള്ള തുകകൂടി ഈ അക്കൗണ്ടിൽനിന്നാണ് ചെലവഴിച്ചത്. നിർദ്ധനരായ പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായ പദ്ധതികൂടി ഇതിൽ ഉൾപ്പെട്ടതുകൊണ്ടാണ് പ്രസ്തുത സാമ്പത്തികവർഷം വിവാഹ ധനസഹായത്തുക അതിൽനിന്ന് ചെലവഴിക്കേണ്ടിവന്നത്. മിശ്ര വിവാഹ ധനസഹായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ശരാശരി അപേക്ഷകൾ ആ വർഷവും ലഭിച്ചിരുന്നു. എന്നാൽ അതിക്രമം തടയൽ നിയമപ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം കുറവായതുകൊണ്ടാണ് ആ ശീർഷകത്തിൽ ഫണ്ട് മുഴുവനും ചെലവഴിക്കാൻ സാധിക്കാതെപോയത്. അങ്ങിവിടെ പറഞ്ഞ കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ഇതുസംബന്ധിച്ച ഫണ്ട് വിനിയോഗത്തിലും പ്രവർത്തനങ്ങൾ വിലയിരുത്തുന്ന കാര്യത്തിലും സജീവമായ ഇടപെടലുണ്ടായിട്ടുണ്ട്. അത് തുടർന്നും ഉണ്ടാകുന്നതാണ്.

മി. ചെയർമാൻ : സബ്മിഷൻ ചുരുക്കി അവതരിപ്പിക്കണമെന്ന് ചെയർ അഭ്യർത്ഥിച്ചിരുന്നു. എല്ലാം അംഗങ്ങളും സഹകരിക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

7. സബ് കോടതി

11.10 AM]

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂരിൽ സബ് കോടതി അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, മുൻസിഫ് കോടതി എന്നിവ അടൂരിൽ നൂറ്റാണ്ടുകൾക്കുമുമ്പ് സ്ഥാപിതമായതാണ്. റവന്യൂ റിക്കാർഡ് പ്രകാരം കോടതിയുടെ പേരിൽ മുന്നേക്കർ സ്ഥലമുണ്ട്. 2011-ൽ ഹൈക്കോടതി രജിസ്ട്രാറുടെ ഉത്തരവുപ്രകാരം പ്രയോറിറ്റി ലിസ്റ്റിൽ അടൂരിനെ പതിനൊന്നാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശാലമായതും ജനബാഹുല്യമുള്ളതുമായ അടൂർ താലൂക്കിന്റെ പരിധിയിൽ 15 വില്ലേജുകൾ, ഒരു മുനിസിപ്പാലിറ്റി, 4 പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നുണ്ട്. അടൂർ മുൻസിഫ് കോടതിയിൽനിന്നും പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിച്ച് വാദം കേൾക്കുന്ന എല്ലാ കേസുകളും അടൂരിൽ സബ് കോടതി അനുവദിച്ചാൽ അവിടെത്തന്നെ തീർപ്പാക്കാൻ കഴിയും. സബ് കോടതി അസിസ്റ്റന്റ് സെഷൻസ് കോടതി ആയതിനാൽ 10 വർഷംവരെ കേസുകളെല്ലാം അടൂരിൽ വിചാരണ നടത്തുവാനും അടൂർ താലൂക്കിലെ ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ടുള്ള നിരവധി എൽ.എ.ആർ.

LIBRARY ARCHIVES Kerala Legislative Assembly

കേസുകൾ അട്ടർ സബ് കോടതിയിൽ അടിയന്തരമായി തീർപ്പാക്കാനും സാധിക്കും. ഇപ്പോൾ അട്ടർ താലൂക്കിന്റെ അതിർത്തിയിലും മറ്റുമുള്ള പ്രദേശങ്ങളിൽനിന്ന് കോടതി വ്യവഹാര ത്തിനായി പത്തനംതിട്ടയിലോ തിരുവല്ലയിലോ പോകേണ്ട അവസ്ഥയാണുള്ളത്. ഏകദേശം 55 കിലോമീറ്ററോളം ദൂരം സഞ്ചരിക്കേണ്ടിവരും. അതുകൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് അട്ടരിൽ സബ് കോടതി അനുവദിക്കുന്നതിന് സഹായകരമായ നടപടികൾ ഉടനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

11.12 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അട്ടർ സബ് കോടതി മുൻഗണനാ പരിഗണന പട്ടികയിൽ ക്രമനമ്പർ പതിനൊന്നാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയ കോടതി അനുവദിക്കുന്നതിന് മുൻഗണനാക്രമം പാലിക്കണം; കൂടാതെ സ്റ്റാഫ് ഉൾപ്പെടെ ആവശ്യമായ സാമ്പത്തിക അനുമതിയും കൊടുക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഹൈക്കോടതിയുടെ പരിഗണനാലിസ്റ്റിൽ അട്ടർ പതിനൊന്നാമതായിട്ടാണ് കൊടുത്തിട്ടുള്ളത്. മുൻഗണന ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്. കൂടുതൽ കോടതികൾ അനുവദിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, സ്വീകരിക്കുന്നുമുണ്ട്. പക്ഷേ മുൻഗണനാക്രമം പാലിക്കേണ്ടിവരും.

8. മാതൃകാ ജില്ലാ വ്യവസായ കേന്ദ്രം

11.13 AM]

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിൽ എറണാകുളം കഴിഞ്ഞാൽ വ്യാവസായികമായി ഏറ്റവും മുന്നിൽ നിൽക്കുന്ന ജില്ലയാണ് പാലക്കാട്. സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലൂടെ ഏകദേശം 813 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് നടത്തി 65284 പേർക്ക് തൊഴിൽ നൽകുന്ന ഒരു ജില്ലയാണ് പാലക്കാട്. നിരവധി സ്ഥാപനങ്ങൾ അവിടെയുണ്ട്. ഈ വ്യവസായ കേന്ദ്രങ്ങളെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ ഒരു മാതൃകാ വ്യവസായ കേന്ദ്രമാക്കി ആധുനികവൽക്കരിച്ച് മോഡൽ ഇൻഡസ്ട്രിയൽ സെക്ടറായി മാറ്റണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ആധുനിക സൗകര്യങ്ങളില്ലാതെയാണ് 30 വർഷത്തെ പഴക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly